പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3994 — 11.11.2019 -ൽ മറുപടിക്ക്.

## കേന്ദ്ര ഭക്ഷ്യ അലോട്ട്മെന്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി. തോമസ്** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |

(എ) 2017 മേയ് മാസത്തിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയപ്പോൾ കേന്ദ്രത്തിൽ നിന്നുള്ള പ്രതിമാസ ഭക്ഷ്യധാന്യ അലോട്ട്മെന്റ് എത്രയായിരുന്നുവെന്നും ഇതിൽ സംസ്ഥാനം ഏറ്റെടുത്തത് എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽ വന്നത് 2016 നവംബറിലാണ്. 2016 നവംബറിലും 2017 മേയ് മാസത്തിലുമുണ്ടായിരുന്ന പ്രതിമാസ അലോട്ട്മെന്റ് ചുവടെ ചേർക്കുന്നു.

**(അളവ് മെട്രിക് ടണ്ണിൽ)**

| വിഭാഗം | അരി | ഗോതമ്പ് | ആകെ |
|---|---|---|---|
| എ.എ.വൈ | 16807.49 | 4045.475 | 20852.965 |
| പ്രയോറിറ്റി | 52073.178 | 12533.742 | 64606.92 |
| ടൈഡ് ഓവർ വിഹിതം | 26835.124 | 6459.074 | 33294.198 |
| ആകെ | 95715.792 | 23038.291 | 118754.083 |

മേൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ ഭക്ഷ്യധാന്യങ്ങളും സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ട്.

(ബി) 2019 ഒക്ടോബർ മാസത്തെ അലോട്ട്മെന്റ് എത്രയാണെന്നും അതിൽ നാളിതുവരെ സംസ്ഥാനം എത്ര ഏറ്റെടുത്തുവെന്നും വ്യക്തമാക്കാമോ ;

(ബി) 2019 ഒക്ടോബർ മാസത്തെ അലോട്ട്മെന്റ് ചുവടെ ചേർക്കുന്നു.

**(അളവ് മെട്രിക് ടണ്ണിൽ)**

| വിഭാഗം | അരി | ഗോതമ്പ് | ആകെ |
|---|---|---|---|
| എ.എ.വൈ | 17757.49 | 3095.475 | 20852.965 |
| പ്രയോറിറ്റി | 52073.178 | 12533.742 | 64606.92 |
| ടൈഡ് ഓവർ വിഹിതം | 26835.124 | 6459.074 | 33294.198 |
| ആകെ | 96665.792 | 22088.291 | 118754.083 |

മേൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ ഭക്ഷ്യധാന്യങ്ങളും സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ട്.

| | |
|---|---|
| (സി) അലോട്ട്മെന്റിലോ ഏറ്റെടുക്കലിലോ കുറവ് വന്നിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ; ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ ? | (സി) ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്ന 2013 നു മുൻപുള്ള മൂന്ന് വർഷങ്ങളിൽ ശരാശരി 16.01 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യവും സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്ന 2016 നു മുൻപുള്ള മൂന്ന് വർഷങ്ങളിൽ ശരാശരി 15.93 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യവും കേന്ദ്ര സർക്കാരിൽ നിന്നും റേഷൻ വിതരണത്തിനായി അനുവദിച്ചിരുന്നു. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം മാത്രമാണ് സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ളത്. ഈ പ്രകാരമുള്ള അലോട്ട്മെന്റാണ് 2016 നവംബർ മുതൽ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. 2016 നവംബർ മുതൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ പൂർണ്ണമായി സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ട്. നിലവിൽ, എ.ഐ.വൈ, പ്രയോറിറ്റി വിഭാഗത്തിൽ 2019 ഏപ്രിൽ വരെയുണ്ടായിരുന്ന നീക്കിയിരിപ്പ് കുറവ് ചെയ്തുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**